


# നദീസംരക്ഷണ പോരാട്ടം

ഡോ. സി. എം. ജോയി

കേരളത്തിൽ 44 നദികളുണ്ടെങ്കിലും നദീസംരക്ഷണത്തിനായി സർക്കാർതലത്തിൽ കാര്യമായി ഒന്നും ചെയ്യുന്നില്ല. മണൽവാരൽ, മലിനീകരണം, ഒഴുക്ക് തടസ്സപ്പെടുത്തൽ, നദീ ജലം തിരിച്ചുവിടൽ, തീരം കയ്യേറ്റം, നദീത്തടത്തിൽ കൃഷി, ഓരുവെള്ളകയറ്റം തുടങ്ങി നദികൾ നേരിടുന്ന പ്രശ്നങ്ങൾ അനവധിയാണ്. സാധാരണ ജനത്തിന്റെ ജീവിതം ദുരിതപൂർണ്ണമാക്കുന്ന തരത്തിലാണ് നദീനാശം ചെന്നുനിൽക്കുന്നത്. കുടിവെള്ളം ജലസേചനം, കുളിക്കടവ്, എന്നീ നദിയുടെ 3 പ്രധാന ഉപയോഗങ്ങൾ തടസ്സപ്പെട്ടിരിക്കുകയാണ്. മാഫിയകൾക്ക് മണൽ ഊറ്റുന്നതിനും മൂലധന ശക്തികൾക്ക് പുഴമലിനീകരണത്തിനും മത്സ്യനാശത്തിനും ഒത്താശ ചെയ്യുന്നതുപോലെയാണ് സർക്കാർ പെരുമാറുന്നത്. പുഴക്കര കയ്യേറ്റങ്ങൾ റവന്യൂ വിഭാഗം കണ്ടില്ലെന്ന് നടിക്കുന്നു. നദീസംരക്ഷണഫണ്ട് ഉപയോഗിച്ച് പുഴക്കരയിൽ കരിങ്കൽ ഭിത്തികെട്ടി സ്വകാര്യവ്യക്തികൾക്ക് പുഴക്കര കയ്യേറ്റത്തിന് അവസരം സൃഷ്ടിക്കുന്നു. വൃഷ്ടി പ്രദേശത്തെ വനനാശവും കയ്യേറ്റവും കുടിയേറ്റവും തോട്ട കൃഷിയും പുഴകൾക്ക് നാശം സൃഷ്ടിക്കുകയാണ്. വ്യവസായശാലകൾ നിരന്തരമായി നദികളെയും ജലാശയങ്ങളെയും മലിനീകരിച്ച് മത്സ്യക്കുരുതി ഒരുക്കുകയാണ്. 1972ൽ അമോണിയയും ഫോസ്ഫോറിക് ആസിഡും ചോർന്ന് പെരിയാർ നദിയിൽ മത്സ്യങ്ങൾ ചത്തുപൊങ്ങിയപ്പോഴാണ് ആദ്യമായി ജനരോഷം രൂപം കൊണ്ടത്. അന്ന് ഉൾനാടൻ മത്സ്യതൊഴിലാളികളും നാട്ടുകാരുമാണ് പ്രശ്നം ഏറ്റെടുത്തതെങ്കിൽ 1986 ൽ പെരിയാർ സംരക്ഷണം മുഖ്യ അജണ്ടയായി രൂപീകരിക്കപ്പെട്ട ആലുവയിലെ പരിസ്ഥിതി സംരക്ഷണസംഘം അത് ഏറ്റെടുത്തു. സംഘം മലീനീകരണത്തിനും മണൽ

> നദീസംരക്ഷണത്തിന്റെ ആവശ്യകതബോധ്യപ്പെട്ട ഒട്ടനവധി ചെറു സംഘടനകൾ പ്രാദേശികമായി നടത്തുന്ന സംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ച്

വാരലിനും എതിരെ ഒട്ടനവധി സമരങ്ങൾക്ക് നേതൃത്വം നൽകി. സായാഹ്നധർണ്ണകളും തെരുവുനാടകങ്ങളും കവല പ്രസംഗങ്ങളുമായി പരിസ്ഥിതി സംരക്ഷണസംഘം പെരിയാർ സംരക്ഷണത്തിന്റെ ആവശ്യകത സർക്കാരിനേയും പൊതുജനത്തേയും ഓർമ്മപ്പെടുത്തികൊണ്ടിരുന്നു. 1998 ൽ സ്ഥാപിതമായ പെരിയാർ മലിനീകരണ വിരുദ്ധ സമിതി പെരിയാറിന്റെ സംരക്ഷണത്തിനായി നിർണ്ണായകമായ ഒട്ടനവധി സമരങ്ങൾക്ക് നേതൃത്വം നൽകുകയുണ്ടായി. മിക്കവാറും സമരങ്ങളിൽ കേരള ശാസ്ത്രസാഹിത്യ പരിഷത്തും അക്കാലങ്ങളിൽ പങ്കുചേർന്നിരുന്നു.

നദീസംരക്ഷണത്തിന്റെ ആവശ്യകതബോധ്യപ്പെട്ട ഒട്ടനവധി ചെറു സംഘടനകൾ പ്രാദേശികമായി നദീസംരക്ഷ പ്രവർത്തനങ്ങളുമായി ഇതിനോടകം മുന്നോട്ടുപോയിരുന്നു. പമ്പ പരിരക്ഷണസമിതി, പെരിയാർ സംരക്ഷണസമിതി, ഭാരതപുഴ സംരക്ഷണ സമിതി, വാമനപുരം നദീ സംരക്ഷണസമിതി, മണിമലയാർ സംരക്ഷണ സമിതി, മീനച്ചിലാർ സംരക്ഷണസമിതി, കരുപ്പടന്ന കായൽ സംരക്ഷണസമിതി, ചാലക്കുടി പുഴ സംരക്ഷണസമിതി, ലിംനോളജിക്കൽ അസോസിയേഷൻ എന്നീ സംഘടനകളുടെ സന്ദർഭോചിതമായ പ്രവർത്തനങ്ങൾ കേരളത്തിലെ നദീസംരക്ഷണ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടി. കേരളത്തിൽ അങ്ങോളമിങ്ങോളം പ്രവർത്തിക്കുന്ന ചെറു സമിതികൾ 1998 ൽ ആലുവ പരിസ്ഥിതിസംരക്ഷകസംഘത്തിന്റെയും പമ്പസംരക്ഷണസമിതിയുടെയും നേതൃത്വത്തിൽ യോഗം ചേർന്ന് കേരള നദീ സംരക്ഷണസമിതിയ്ക്ക് രൂപം നൽകി. ഈ സമിതിയുടെ പ്രവർത്തനം കേരളത്തിലെ നദികളുടെ സംരക്ഷണത്തിന് ഊർജ്ജം പകർന്നു. നദികളുടെ നാശത്തിനെതിരെ നദീസംരക്ഷണസമിതി കോണത്തുകുന്ന്, ചാലക്കുടി, തിരുവല്ല, പാലക്കാട്, ഷൊർണ്ണൂർ, കാലടി, മാനന്തവാടി, കോട്ടയം, പിറവം, പാറത്തോട്, കോഴിക്കോട്, കൊച്ചി, തൃശ്ശൂർ, തൊഴുപുഴ, വളപട്ടണം, മൂവ്വാറ്റുപുഴ, മണിമല, കരമന, പൂവ്വത്തുശ്ശേരി, തുടങ്ങിയ സ്ഥലങ്ങളിൽ ധർണ്ണകളും, സമരങ്ങളും, ബോധവൽക്കരണ സെമിനാറുകളും നടത്തി. കേരളത്തിലെ നദികളുടെ സംരക്ഷണത്തിനായി ഒരു റിവർ അതോറിറ്റി സംസ്ഥാനതലത്തിൽ രൂപം നൽകുന്നതിന് സമിതി കരട് തയ്യാറാക്കി സംസ്ഥാന സർക്കാരിന് നൽകുകയുണ്ടായി. ഓരോ നദിയും ഒരൊറ്റ ആവാസവ്യവസ്ഥയായി കണ്ടുകൊണ്ട് ഓരോ നദീതടങ്ങൾക്കും റിവർബോർഡ് സ്ഥാപിക്കാനും കേരള നദിസംരക്ഷണസമിതി നിർദ്ദേശിച്ചു. എന്നാൽ മാറി മാറി കേരളം ഭരിച്ച സർക്കാരുകൾ നദീസംരക്ഷണത്തിന് ഇനിയും വേണ്ടത്ര പ്രാധാന്യം നൽകിയിട്ടില്ല. കാലാവസ്ഥാവ്യതിയാനത്തിന്റെ പാശ്ചാത്തലത്തിൽ നദികളിലോട്ട് ഉപ്പുവെള്ളം കയറുവാനും ശുദ്ധജലസ്രോതസ്സുകൾ ഉപ്പുമയമാകാനും സാദ്ധ്യതയുള്ളത് മനസ്സിലാക്കി നദീസംരക്ഷണം സർക്കാർ ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. അതിനായി കേരള വ്യാപകമായി ജനമുന്നേറ്റ സമരങ്ങളും മറ്റു പ്രക്ഷോഭ പരിപാടികൾക്കും രൂപം നൽകുവാൻ സന്നദ്ധസംഘടനകൾ തയ്യാറെടുത്തു വരികയാണ്. നദീ സംരക്ഷണത്തിൽ സന്ധിയില്ലാത്ത സമരമുഖമാണ് സംസ്ഥാനത്ത് തുറക്കേണ്ടത്.

ബന്ധങ്ങൾക്ക്: 9447391905